**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ പ്യുവർവാട്ടർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗുണനിലവാരമില്ലാത്തതും മലിനവുമായ കുടിവെള്ളം ലോറികളിൽ എത്തിച്ച് വിതരണം ചെയ്യുന്നത് തടയാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ ജല ശുദ്ധീകരണ ശാലകളിലെ വെൻഡിങ് പോയിന്റുകളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം ശാസ്ത്രീയമായി പരിശോധിച്ച ഗുണനിലവാരം ഉറപ്പാക്കി വാഹന രജിസ്ട്രേഷനും, സാധുവായ Food safety license ഉം ഉള്ള ടാങ്കർ ലോറികളിലൂടെ മാത്രമേ വിതരണം നടത്താറുള്ളൂ. |
| (ബി) | നിലവിലുള്ള ഓപ്പറേഷൻ പ്യുവർവാട്ടർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ; | (ബി) | മധ്യ മേഖലയ്ക്ക് കീഴിൽ എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്ന ഓപ്പറേഷൻ പ്യുവർ വാട്ടർ പദ്ധതിക്കായി 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രകാരം നിലവിലുണ്ടായിരുന്ന 17 പോയിന്റുകൾക്ക് പുറമെ 20 വെൻഡിങ് പോയിന്റുകൾ അധികമായി സ്ഥാപിച്ച് ടാങ്കർ ലോറികളിൽ കുടിവെള്ളവിതരണം നടത്തിവരുന്നു.<br><br>കൂടുതൽ വെൻഡിങ് പോയിന്റുകളുടെ ആവശ്യകത മാനിച്ച് 17 എണ്ണം കൂടി പുതുതായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഓപ്പറേഷൻ പ്യുവർവാട്ടർ പദ്ധതി നടപ്പിലാക്കിവരുന്നത്; വിശദവിവരം ലഭ്യമാക്കുമോ? | (സി) | നിലവിൽ എറണാകുളം ജില്ലയിൽ മാത്രമാണ് ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ